പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 875 | 1/3/2017 ൽ മറുപടിക്ക്

# താറാവ് കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തോമസ് ചാണ്ടി** | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) കുട്ടനാട്ടിലെ കർഷകർ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ : | എ) സംസ്ഥാനത്ത് താറാവ് വളർത്തുന്ന കർഷകരുടെ വിവരങ്ങൾ കർഷക രജിസ്ട്രേഷൻ വഴി farmer.ahdkerala.in എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യപ്പെട്ടു.കുട്ടനാടൻ മേഖലയിലെ 541 താറാവ് കർഷകർക്ക് മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനവും 23 പേർക്ക് ഹാച്ചറി മാനേജ്മെന്റിൽ പ്രത്യേക പരിശീലനവും നല്കിയിട്ടുണ്ട്.പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന ഡക്ക് മാർക്കറ്റിങ്ങ് പദ്ധതിയുടെ 5 യൂണിറ്റുകൾ ആലപ്പുഴ ജില്ലയിൽ ആരംഭിക്കുന്നതിനായി 35 ലക്ഷം രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്.താറാവ് കർഷകർക്ക് അപകട ഇൻഷ്വറൻസും താറാവിന് ഇൻഷ്വറൻസും ഉൾപ്പെട്ട പുതിയ പ്രൊപോസൽ നല്കുന്നതിനായി ദേശ സാൽകൃത കമ്പനികളുമായി ചർച്ച നടത്തുകയുണ്ടായി .ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് വെറ്ററിനറി പോളി ക്ലിനിക്കിനോടനുബന്ധിച്ച കെട്ടിടത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഭരണപരമായ അധികാരത്തോടെയും 12.75 ലക്ഷം രൂപ ചെലവിൽ ഏകജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്.<br>കുട്ടനാട്ടിലെ പരമ്പരാഗത കർഷകർ ഉൾപ്പെടെയുള്ള താറാവ് കർഷകർക്ക് മേഖലയുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ സേവനങ്ങളും ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുവാനാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. രോഗ പ്രതിരോധ അടിസ്ഥാന സൗകര്യ വികസനം ,താറാവുൽപ്പന്ന വിപണന പദ്ധതികൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ട് വരുന്നത് താറാവ് കർഷകർക്ക് സമയ ലാഭവും സാമ്പത്തിക ലാഭവും മെച്ചപ്പെട്ട സേവനവും ഉറപ്പ് വരുത്തും. താറാവ് വളർത്തൽ മേഖലയിൽ സജീവ ശ്രദ്ധ നല്കുകയും പുതിയ വികസനോന്മുഖ പദ്ധതികൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി തിരുവല്ല മഞ്ഞാടിയിൽ 3.13 കോടി രൂപ ചെലവിൽ ഒരു ഡക്ക് ട്രെയിനിങ്ങ് ഇൻസ്റ്റിട്യൂട്ട് ,താറാവ് ഹാച്ചറി, താറാവ് ബ്രൂഡർ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| ബി) | രോഗം മൂലം വലിയ നഷ്ടം നേരിട്ട താറാവ് കർഷകർക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ; | ബി) | 2016-ൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ താറാവുകളിൽ ബാധിച്ച പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ 97 കർഷകരുടെയും കോട്ടയം ജില്ലയിലെ 41കർഷകരുടെയും ആകെ 7,45,345 താറാവുകളെ കൾ ചെയ്തതിന്റെയും 1,52,313 മുട്ടകൾ നശിപ്പിച്ചതിന്റെയും നഷ്ടപരിഹാരത്തുകയായ 11,83,73,865/- രൂപ രണ്ട് ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്. രണ്ട് മാസത്തിന് മുകളിൽ പ്രായമുള്ള താറാവുകൾക്ക് 200/- രൂപയും രണ്ട് മാസത്തിന് താഴെ പ്രായമുള്ളവയ്ക്ക് 100/ രൂപയും മുട്ടക്കുഞ്ഞുങ്ങൾ/മുട്ടയ്ക്ക് 5 രൂപയുമാണ് നഷ്ടപരിഹാരനിരക്ക് . |
| സി) | രോഗം മൂലം താറാവ് കൃഷി പ്രതിസന്ധിയിലായ കർഷകർക്ക് നഷ്ടപരിഹാരത്തോടൊപ്പം താറാവ് വളർത്തലിന് കൂടുതൽ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | സി) | നഷ്ടപരിഹാരത്തിന് പുറമേ കൂടുതൽ ധനസഹായം നല്കുന്നതിന് നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ